ഉയർന്ന സ്കെയിൽ നൽകിയിട്ടുണ്ട്. ക്ലാർക്കിതര വിഭാഗത്തിൽ ഉൾപ്പെട്ട വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിൽ ഏതൊക്കെ നോൺ ക്ലറിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തി തൊട്ടടുത്ത ഉയർന്ന സ്കെയിൽ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധന നടന്നു വരികയാണ്.

ജൂനിയർ സൂപ്രണ്ട് -ഫെയർ കോപ്പി സൂപ്രണ്ട് പാരിറ്റി

20 (2733) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ടൈപ്പിസ്റ്റ്, ഫെയർ കോപ്പി സൂപ്രണ്ട്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ എന്നിവർ ചേർന്ന് 8-7-1999-ൽ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) ജൂനിയർ സൂപ്രണ്ട്, ഫെയർ കോപ്പി സൂപ്രണ്ട് പാരിറ്റി പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ ശമ്പള പരിഷ്കരണ കമ്മിറ്റി ശുപാർശ പ്രകാരം എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ ;

(സി) പാരിറ്റി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

ഉത്തരം

(എ) വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ടൈപ്പിസ്റ്റ്, ഫെയർ കോപ്പി സൂപ്രണ്ട്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ എന്നിവർ നൽകിയ നിവേദനം പരിശോധിയ്ക്കുകയും പ്രസ്തുത തസ്തികകൾക്ക് ശമ്പള പരിഷ്ക്കരണം വഴി സമാന പുതുക്കിയ ശമ്പള സ്കെയിൽ നൽകിയിട്ടുണ്ടെന്ന് കണ്ടെത്തുകയും ആയതിനാൽ അനന്തര നടപടികൾ ആവശ്യമില്ല എന്ന് തീരുമാനിക്കുകയും ചെയ്തു.

(ബി) പ്രസ്തുത പാരിറ്റി ശമ്പള പരിഷ്ക്കരണ കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായില്ല.

(സി) പരിശോധനയിലാണ്.

വാർദ്ധക്യകാല പെൻഷൻ

21 (2734) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് ഇന്ന് നിലവിലുള്ള കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് സിസ്റ്റം നിലനിർത്തുവാൻ സർക്കാർ ഖജനാവിൽനിന്നും ഭീമമായതുക ചെലവിടുന്ന സാഹചര്യത്തിൽ ഈ ഗ്രാന്റ് തുക മറ്റൊരു ഫണ്ട് രൂപീകരിച്ച് അതിൽ നിക്ഷേപിക്കുവാനും അതിന്റെ പലിശ ഉപയുക്തമാക്കി ജീവനക്കാർക്ക് വാർദ്ധക്യകാല പെൻഷൻ ഏർപ്പെടുത്തുവാനും സർക്കാരിന് ആലോചനയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly